## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1613

21.01.2014 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷ കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>,, എം.എ. വാഹിദ്<br>,, ലൂഡി ലൂയിസ്<br>,, കെ.മുരളീധരൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. അഡ്വ.വീരാൻ കുട്ടിയെ ചെയർമാനായും അഡ്വ.വി.വി. ജോഷി, അഡ്വ.കെ.പി.മറിയുമ്മ എന്നിവരെ അംഗങ്ങളായും ശ്രീ.എം.എച്ച്. മുഹമ്മദ് റാഫി (അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്) - യെ മെമ്പർ സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നിയമിച്ചുകൊണ്ട് കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. |
| ബി) ഇതിന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക, ന്യൂനപക്ഷങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസനത്തിനുള്ള ആസൂത്രണ നടപടികളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസനത്തിനും ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള നടപടികളും സംരക്ഷണ വ്യവസ്ഥകളും ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ കൈക്കൊള്ളേണ്ട നടപടികൾ ശുപാർശ ചെയ്യുക, ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള വിവേചനങ്ങളിൽ നിന്ന് ഉണ്ടാകുന്ന പ്രശ്നങ്ങൾ പഠനവിധേയമാക്കുകയും അവ ഒഴിവാക്കുന്നതിന് നടപടികൾ ശുപാർശ ചെയ്യുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം, എന്നിവ നടത്തുക, ന്യൂനപക്ഷത്തെ സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക, ന്യൂനപക്ഷങ്ങളുടെ സംരക്ഷണവും ക്ഷേമവും വികസനവും ഉന്നമനവുമായി ബന്ധപ്പെട്ട്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക, ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ ഏല്പിച്ചുകൊടുക്കുന്ന മറ്റേതെങ്കിലും കാര്യം ചെയ്യുക എന്നിവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| സി) എന്തെല്ലാം ക്ഷേമ പദ്ധതികളാണ് ഇത് വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;<br>ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട് എന്നറിയിക്കുമോ? | സി) യും ഡി) യും ക്ഷേമപദ്ധതികളൊന്നും ഈ കമ്മീഷൻ വഴി നടപ്പാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ